# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3485 — 24.06.2013-ൽ മറുപടിയ്ക്ക്

### ട്രാഫിക് പോലീസ് സംവിധാനം ഫലപ്രദമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| സംസ്ഥാനത്ത് ഗതാഗതക്കുരുക്ക് രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ട്രാഫിക് പോലീസ് സംവിധാനത്തെ കൂടുതൽ വിപുലപ്പെടുത്തുവാനും ഫലപ്രദമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാഫിക് മേഖലയിൽ വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് തീവ്രമായ വാഹന പരിശോധനയും മറ്റ് നടപടികളും കൈക്കൊണ്ട് വരുന്നു. ട്രാഫിക് മേഖലയിൽ പ്രവർത്തിയെടുത്ത് വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള വിവിധ പരിശീലനങ്ങൾ കേരളത്തിനകത്തും പുറത്തും നൽകി വരുന്നു. സ്കൂൾ കുട്ടികൾക്കായി പ്രത്യേക ട്രാഫിക് ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. ഇത് വളരെ അധികം പൊതുജന ശ്രദ്ധ നേടുകയും ചെയ്തിരുന്നു. കൂടുതൽ ഫലപ്രദമായ ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കുന്നതിനായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ആധുനിക ഇലക്ട്രോണിക് ഉപകരണ |

ങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്ററുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിച്ച് അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ എല്ലാ പോലീസ് മേധാവികൾക്കും നൽകിട്ടുണ്ട്. ഈ കാലയളവിൽ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ആറ് മൊബൈൽ ട്രാഫിക് എജ്യൂക്കേഷൻ പാർക്കുകൾ തുറന്നിട്ടുണ്ട്. സ്കൂൾ/ കോളേജ് കുട്ടികളിലും മറ്റ് റോഡ് ഉപയോക്താക്കളിലും ട്രാഫിക് അവബോധം വളർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇപ്പോൾ രാത്രികാലങ്ങളിൽ ഹൈ ബീം ലൈറ്റുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലും അനധികൃതമായി ഉയർത്തിയിരിക്കുന്ന പരസ്യ ബോർഡുകൾ, ബാനറുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവയെല്ലാം ബന്ധപ്പെട്ട അധികാരികളുമായി ചേർന്ന് നീക്കം ചെയ്യുവാനുള്ള നിർദ്ദേശം എല്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**